**പതിനാലാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4550** **25-06-2019 ൽ മറുപടിക്ക്**

**സർക്കാർ ഭൂമി കയ്യേറ്റ കേസുകൾ**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. കെ. ദാസൻ | | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) | ഈ സർക്കാരിന്റെ കാലത്ത് ഇതുവരെയായി വിവിധ സർക്കാർ ഭൂമി കയ്യേറ്റ കേസുകളിലായി തീർപ്പ് കൽപ്പിച്ച് എത്ര അളവ് ഭൂമി തിരികെ പിടിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ; | (എ) | ഈ സർക്കാരിന്റെ കാലത്ത് ഇതേവരെ കയ്യേറ്റം ഒഴിപ്പിച്ച് 221.4337 ഹെക്ടർ ഭൂമി തിരികെ പിടിച്ചിട്ടുണ്ട്. |
| (ബി) | കയ്യേറ്റ ഭൂമികൾ തിരികെ പിടിക്കുന്നതിന് കോടതികളിൽ നടന്നു വരുന്ന കേസുകൾ ഫലപ്രദമായി കൈകാര്യം ചെയ്യാൻ എന്തെല്ലാം കാര്യങ്ങളാണ് ചെയ്തിട്ടുള്ളത് എന്ന് വിശദമാക്കാമോ; | (ബി) | കയ്യേറ്റ ഭൂമികൾ തിരികെ പിടിക്കുന്നതിന് എതിരെ കോടതികളിൽ നടന്നു വരുന്ന കേസുകൾ ഫലപ്രദമായി കൈകാര്യം ചെയ്യുന്നതിനുള്ള നടപടികൾ ബന്ധപ്പെട്ട ഗവൺമെന്റ് പ്ലീഡറുമായി ചേർന്ന് സമയബന്ധിതമായി സ്വീകരിച്ചുവരുന്നുണ്ട്. |
| (സി) | സർക്കാർ ഭൂമി കയ്യേറ്റം സംബന്ധിച്ച് ഏറ്റവും കൂടുതൽ കേസുകൾ നടന്നു വരുന്ന ജില്ല ഏതെന്ന് വ്യക്തമാക്കാമോ? | (സി) | സർക്കാർ ഭൂമി കയ്യേറ്റം സംബന്ധിച്ച് ഏറ്റവും കൂടുതൽ കേസുകൾ നിലവിലുള്ളത് തിരുവനന്തപുരം ജില്ലയിലാണ്. |

**സെക്ഷൻ ഓഫീസർ**